DISPATCHED
On....22/06/2020
5.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 409*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2639**/*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജീവൻ സി.,
കുന്നുമ്മൽ ഹൗസ് ,
പാലായി, നിർമ്മലഗിരി പി.ഒ.,,
കൂത്തുപറമ്പ്, കണ്ണൂർ.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കണ്ണൂർ – 670 002.

2. അപ്പീൽ അധികാരി&
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കണ്ണൂർ – 670 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.12.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.12.2012 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.12.2012 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.01.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.02.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.02.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.രാജീവൻ സി. 26.02.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 28.02.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.409(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 6 വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിൽ 5 ഇനത്തിന്റെ വിവരങ്ങൾ അനുവദിക്കുകയും 6-ാമത്തെ വിവരം നൽകിയില്ലെന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും അപ്പീലിനും തൃപ്തികരമായ വിവരങ്ങൾ ലഭ്യമായില്ലെന്നും വീഴ്ച വരുത്തിയ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.12.2012ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ മുനിസിപ്പാലിറ്റിക്കുള്ളിൽ പാർക്ക് ചെയ്ത് സർവ്വീസ് നടത്താൻ നിലവിൽ എത്ര ഓട്ടോറിക്ഷകൾക്കാണ് ആർ.ടി.ഓ. അനുമതി നൽകിയിട്ടുള്ളതെന്നും കണ്ണൂർ നഗരത്തിൽ ഓട്ടോറിക്ഷകൾക്ക് പാർക്ക് ചെയ്യാൻ എത്ര പാർക്കിംഗ് കേന്ദ്രങ്ങളാണ് ഉള്ളതെന്നും ഇതിൽ ഓരോ പാർക്കിംഗ് കേന്ദ്രം അനുവദിച്ച സ്ഥലങ്ങളുടെ പേരും വിവരവും പാർക്കിംഗ് കേന്ദ്രങ്ങളിൽ അനുവദിച്ച ഓട്ടോറിക്ഷകളുടെ എണ്ണവും ആയതു സംബന്ധിച്ച് മുഴുവൻ വിവരങ്ങളും നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 05.12.2012ന് മറുപടി നൽകുകയും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 31.01.2013ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 01.04.2013ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ 05.12.2012ലെ അപേക്ഷയ്ക്ക് 21.12.2012ന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയ്ക്കെതിരെ നൽകിയ ഒന്നാം അപ്പീലിന് 31.01.2013ന് അപ്പീൽ അധികാരി മറുപടി നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 20.01.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേ

ക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഓട്ടോ സ്റ്റാന്റ് അനുവദിച്ചതു സംബന്ധിച്ച വിവരമാണ് ടിയാൻ ആവശ്യപ്പെട്ട തെന്നും പെർമിറ്റ് നൽകിയവർക്ക് സ്റ്റാന്റ് അനുവദിച്ച് നൽകിയിട്ടില്ലെന്നും പൊതു നിരത്തിലാണ് അനുവദിച്ചിരിക്കുന്നതെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഓഫീസിന്റെ നവീകരണ പ്രവർത്തികൾ നടക്കുന്ന സമയമായതിനാൽ ടിയാന്റെ അപേക്ഷ സംബന്ധിച്ച ഫയൽ കണ്ടെത്താനായി ല്ലെന്നും തുടർന്ന് ടിയാനെ നേരിൽ കേൾക്കുന്നതിന് അറിയിപ്പു നൽകുകയും 22.05.2019ൽ ആവശ്യപ്പെട്ട പ്രകാരം ഓട്ടോ പാർക്കിംഗ് സ്റ്റാന്റിന്റെ വിശദ വിവര ങ്ങൾ ഹർജിക്കാരന് നേരിട്ട് നൽകുകയും ടിയാൻ കൈപ്പറ്റിയതായുള്ള രേഖകൾ ഹാജരാക്കുന്നുവെന്നുമാണ്.

6. ഒന്നാം എതിർകക്ഷിയുടെ മൊഴി അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM